**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1421** **31.10.2019 ൽ മറുപടിയ്ക്ക്**

## <u>പാട്ടക്കാലാവധി കഴിഞ്ഞ എസ്റ്റേറ്റുകൾ</u>

**<u>ചോദ്യം</u>**
**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ.പി.ടി. തോമസ്**
**ശ്രീ.കെ.സി.ജോസഫ്**
**ശ്രീ റോജി എം. ജോൺ**

**<u>മറുപടി</u>**
**ശ്രീ. ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈയ്യിൽ നിന്നും ബിലീവേഴ്സ് ചർച്ച് വാങ്ങിയ ചെറുവള്ളി എസ്റ്റേറ്റ്, സ്പെഷ്യൽ ഓഫീസർ രാജമാണിക്യത്തിന്റെ റിപ്പോർട്ട് പ്രകാരം സർക്കാർ ഭൂമിയാണോ; | (എ) ആണ്. |
| (ബി) | പ്രസ്തുത എസ്റ്റേറ്റ് നഷ്ടപരിഹാരം നൽകി ശബരിമല വിമാനത്താവളത്തിനായി ഏറ്റെടുക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | (ബി) നിർദ്ദിഷ്ട ശബരിമല വിമാനത്താവളത്തിന് അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുള്ള ചെറുവള്ളി എസ്റ്റേറ്റിന്റെ ഉടമസ്ഥത സംബന്ധിച്ച തർക്കം നിലനിൽക്കുന്നതിനാൽ നഷ്ടപരിഹാരം കോടതിയിൽ കെട്ടിവെച്ച് ഭൂമി ഏറ്റെടുക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു. |
| (സി) | വിമാനത്താവളത്തിനായി ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സ്ഥാപിച്ച് കിട്ടുന്നതിനായി സിവിൽ കോടതിയിൽ കേസ് കൊടുക്കണമെന്നുള്ള കേരള ഹൈക്കോടതിയുടെ 2011 ഏപ്രിൽ 11 -ാം തീയതിയിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, റവന്യൂ വകുപ്പ് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;വിശദമാക്കുമോ; | (സി) യും (ഡി) യും 11-4-2018 ലെ ബഹു.ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ WP(C)33122/2014 &Ors കേസുകളിലെ വിധിന്യായത്തെ തുടർന്ന് ഹാരിസൺ മലയാളം ലിമിറ്റഡോ അവരിൽ നിന്നോ അവരുടെ മുൻഗാമികളിൽ നിന്നോ ഭൂമി നേടിയവരോ കൈവശം വച്ചിരിക്കുന്നതോ സമാനമായ നിലയിൽ മറ്റു വിദേശ കമ്പനികളോ വ്യക്തികളോ കൈവശംവച്ചിരുന്നതും സ്വാതന്ത്ര്യാനന്തരം നിലവിലെ കൈവശക്കാർക്ക് കേരള സർക്കാരോ കേന്ദ്ര സർക്കാരോ നിയമപ്രകാരം കൈമാറിയിട്ടില്ലാത്തതോ ആയ മുഴുവൻ ഭൂമിയുടെയും സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കാൻ പ്രസ്തുത ഭൂമി സ്ഥിതിചെയ്യുന്ന സ്ഥലങ്ങളുടെ അധികാര പരിധിയിൽ വരുന്ന സിവിൽ കോടതികളിൽ സർക്കാരിന് വേണ്ടി കേസുകൾ |
| (ഡി) | ഹാരിസൺ അധികൃതർ അനധികൃതമായി കൈവശം വച്ചിരുന്ന എട്ടു ജില്ലകളിലെ ഭൂമിയിൽ സർക്കാർ | |

| | | |
|---|---|---|
| | ഉടമസ്ഥാവകാശം സ്ഥാപിച്ച് കിട്ടുന്നതിനായി നടപടി സ്വീകരിക്കുവാൻ റവന്യൂ വകുപ്പ് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; | ഫയൽ ചെയ്യുന്നതിനും അതിന് അവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതിനും ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിക്കൊണ്ട് 6-6-2019-ൽ സ.ഉ(കൈ) 172/2019 റവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിൻ പ്രകാരം സിവിൽ കേസ് ഫയൽ ചെയ്യുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | ഇതു പ്രകാരം കോട്ടയം ജില്ലാ കളക്ടർ ചെറുവള്ളി എസ്റ്റേറ്റ് ഉൾപ്പെടെയുള്ള ഭൂമിയിൽ സർക്കാർ ഉടമസ്ഥാവകാശം സ്ഥാപിച്ചെടുക്കുന്നതിനായി സിവിൽ കേസ് ഫയൽ ചെയ്യുവാൻ സർക്കാർ പ്ലീഡർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;വ്യക്തമാക്കുമോ; | (ഇ) 6-6-2019 ലെ സ.ഉ(കൈ) 172/2019/റവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉടമസ്ഥാവകാശ തർക്കം നിലനിൽക്കുന്ന ചെറുവള്ളി ഉൾപ്പെടെയുള്ള ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിന് സിവിൽ കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കോട്ടയം ജില്ലാ ഗവ. പ്ലീഡർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട് |
| (എഫ്) | വില കെട്ടിവച്ച് ചെറുവള്ളി എസ്റ്റേറ്റ് ഏറ്റെടുക്കുവാനുള്ള തീരുമാനം, പാട്ടക്കാലാവധി കഴിഞ്ഞതും ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കമുള്ളതുമായ മുപ്പത്തിയഞ്ചോളം എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടികളെ ദോഷകരമായി ബാധിക്കുവാൻ സാധ്യതയില്ലേ; വ്യക്തമാക്കുമോ? | (എഫ്) 2013 ലെ റൈറ്റ് ടു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പരൻസി ഇൻ ലാൻഡ് അക്വസിഷൻ റിഹാബിലിറ്റേഷൻ ആന്റ് റീ സെറ്റിൽമെന്റ് ആക്ടിലെ സെക്ഷൻ 77(2) പ്രകാരം ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കം നിലനിൽക്കുന്ന ചെറുവള്ളി എസ്റ്റേറ്റ് ശബരിമല വിമാനത്താവള നിർമ്മാണത്തിനായി നഷ്ടപരിഹാര തുക കോടതിയിൽ കെട്ടിവച്ച് ഏറ്റെടുക്കുന്നത് ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കമുള്ള കേസുകളെ ദോഷകരമായി ബാധിക്കുവാനിടയില്ല. |

സെക്ഷൻ ഓഫീസർ